II. തിരുത്ത്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): 11-ാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 5-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത 875-ാം നമ്പർ ചോദ്യത്തിന് റവന്യൂ വകുപ്പിൽ നിന്നും ഗതാഗത വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി 9.30 a.m.] നിയമസഭയ്ക്കു നൽകിയിരുന്നു. അതിൽ തെറ്റുപറ്റിയിരിക്കുന്നു. തിരുത്തിയ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നു. ഗതാഗത വകുപ്പിൽനിന്നു 5-7-2004 ൽ 513-ാം നമ്പർ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ച മറുപടി ഞാൻ പിൻവലിക്കുന്നു.

III. അനുശോചനം

കുംഭകോണം സ്കൂൾ ദുരന്തം

മി. ഡെപ്യൂട്ടി സ്പീക്കർ: കഴിഞ്ഞ വെള്ളിയാഴ്ച തമിഴ്നാട്ടിലെ കുംഭകോണത്തുള്ള സരസ്വതി പ്രൈമറി സ്ക്കൂളിൽ 90 കുട്ടികൾ വെന്തുമരിച്ച സംഭവം മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിച്ച ഒരു ദുരന്തമാണ്. നിലവിലുള്ള ചട്ടങ്ങളെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് നിർമ്മിച്ച സ്ക്കൂൾ കെട്ടിടത്തിന്റെ കോണിപ്പടികൾക്ക് വീതിയുണ്ടയിരുന്നില്ല. ആവശ്യമായ സുരക്ഷാ സംവിധാനങ്ങളും ഉണ്ടായിരുന്നില്ല. അദ്ധ്യാപകരുടേയും ആയമാരുടേയും അജ്ഞതയും അനാസ്ഥയും അപകടത്തിന്റെ തീവ്രത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉച്ചക്കഞ്ഞി പാചകം ചെയ്യുന്നതിനിടയിലാണ് അഗ്നിബാധയുണ്ടായത് എന്ന വസ്തുത അവിടെ പഠിക്കുന്ന കുട്ടികളുടെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്നുണ്ട്. വെന്തുകരിഞ്ഞ മക്കളുടെ ശവശരീരങ്ങൾക്കിടയിൽ നിസ്സഹായരായി വാവിട്ട് കരയുന്ന അച്ഛനമ്മമാരുടെ ദൃശ്യം അത്യന്തം ഹൃദയ ഭേദകമായിരുന്നു. നൂറുകണക്കിനു കൊച്ചുകുട്ടികൾ പഠിക്കുന്ന പൊതു സ്ഥാപനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താൻ ചുമതലയുള്ളവർ കൃത്യവിലോപമോ അഴിമതിയോ കാട്ടിയതുമൂലമാണ് നാടിനെ നടുക്കിയ ഈ സംഭവം ഉണ്ടായത് എന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല; ഈ ദുരന്തത്തിൽ ധർമ്മബോധമുള്ള ഓരോ പൗരനും ലജ്ജിച്ച് തലകുനിക്കേണ്ടതാണ്. പതിവിൻപടി നടക്കുന്ന രക്ഷാപ്രവർത്തനങ്ങളും സഹായ വാഗ്ദാനങ്ങളും മാതാപിതാക്കൾക്കുണ്ടായ നഷ്ടം പരിഹരിക്കാനാവില്ല. മേലിൽ ഇത്തരം ദാരുണ സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള കരുതൽ നടപടികളാണ് ഇനി ആവശ്യം. അപകടം ഉണ്ടായത് അയൽപക്കത്താണെങ്കിലും അലംഭാവം ഉണ്ടായാൽ അത് എവിടേയും ആവർത്തിക്കാം എന്ന സൂചന എല്ലാവർക്കും ബാധകമാണെന്ന് ഓർമ്മപ്പെടുത്താൻ ചെയർ ഈ സന്ദർഭം വിനിയോഗിക്കുന്നു. അകാലത്തിൽ പൊലിഞ്ഞുപോയ ആ നിഷ്ക്കളങ്കാത്മാക്കളുടെ മുന്നിൽ അന്ത്യാഞ്ജലി അർപ്പിക്കുകയും ആശുപത്രിയിൽ കഴിയുന്ന കുട്ടികൾ എത്രയും വേഗം സുഖം പ്രാപിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതോടൊപ്പം അവരുടെ അച്ഛനമ്മമാർക്കുണ്ടായ അടങ്ങാത്ത ദുഃഖത്തിൽ ഈ സഭ പങ്കുചേരുകയും ചെയ്യുന്നു. ദുഃഖസൂചകമായി നമുക്ക് അൽപ സമയം എഴുന്നേറ്റ് നിൽക്കാം.

(മരണപ്പെട്ട കുട്ടികളോടുള്ള ദുഃഖസൂചകമായി സഭാംഗങ്ങൾ അൽപ്പ സമയം എഴുന്നേറ്റ് നിന്ന് മൗനമാചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, അങ്ങ് തമിഴ്നാട്ടിലെ ദുരന്ത സംഭവത്തെക്കുറിച്ചുള്ള അനുശോചനം രേഖപ്പെടുത്തുന്നതിനിടയിൽ ഇത്തരം സംഭവങ്ങൾ സൂക്ഷിച്ചില്ലെങ്കിൽ എവിടേയും ഉണ്ടാകാമെന്നുള്ള സൂചന നൽകിയിരുന്നു. തമിഴ്നാട് സംഭവമുണ്ടാക്കിയ നടുക്കത്തിന്റെ അന്തരീക്ഷത്തിൽ എല്ലായിടത്തും പരിഭ്രാന്തിയുണ്ട്.. ഞാൻ ഉടൻതന്നെ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അടിയന്തിരമായി നമ്മുടെ എല്ലാ സ്ക്കൂൾ കെട്ടിടങ്ങളുടേയും സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ശ്രദ്ധചെലുത്തണം. ജില്ലാ കളക്ടർമാരും, വിദ്യാഭ്യാസ വകുപ്പും, ലോക്കൽ ബോഡീസും കൂടി സഹകരിച്ചുകൊണ്ട് അടിയന്തിരമായി സ്ക്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വത്തിനുള്ള നടപടി സ്വീകരിക്കണമെന്ന് വിദ്യാഭ്യാസ വകുപ്പിന് പ്രത്യേകമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): തമിഴ്നാട്ടിൽ ഉണ്ടായിട്ടുള്ള ദുഃഖകരമായ സംഭവത്തെത്തുടർന്ന് പല മേഖലകളിൽനിന്നുമുള്ള സഹായങ്ങൾ ഇവിടെ എത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ വകയായി ഒരു സഹായം ഈ അവസരത്തിൽ നൽകുന്നത് നന്നായിരിക്കുമെന്ന് പ്രതിപക്ഷത്തിന്റേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): പ്രതിപക്ഷ നേതാവിന്റെ നിർദ്ദേശം ഗവൺമെന്റ് പരിഗണിക്കുന്നതാണ്. വിദ്യാഭ്യാസ വകുപ്പ് മാത്രമല്ല ജില്ലാ കളക്ടർമാരുടേയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലേയും, കുട്ടികളുമായി ബന്ധപ്പെട്ടുള്ള എല്ലാ സ്ഥാപനങ്ങളുടേയും സുരക്ഷിതത്വം പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം നൽകാം.....(ബഹളം).....സംഭവം ഉണ്ടായ ഉടൻതന്നെ നിർദ്ദേശം കൊടുത്തു. ഇന്ന് സഭയിലുള്ള എല്ലാ മെമ്പർമാരുടേയും ഭാഗത്തുനിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി ഞാൻതന്നെ മുൻകൈയെടുത്ത് ഒരു യോഗം വിളിച്ചുകൂട്ടി ഓലമേഞ്ഞ എല്ലാ കെട്ടിടങ്ങളുടേയും സുരക്ഷ ഉറപ്പുവരുത്തുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതായിരിക്കും.

IV. അടിയന്തിരപ്രമേയം

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമല ജവഹർ കോളനിയിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകനെ കൊലപ്പെടുത്തിയത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നലെ രാത്രി തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമല ജവഹർ കോളനിയിൽ ഒരു സംഘം ഗുണ്ടകൾ മാരകായുധങ്ങളുമായി എത്തി ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്കെതിരെ അക്രമം നടത്തുകയും ഡി.വൈ.എഫ്.ഐ. യൂണിറ്റ് പ്രസിഡന്റ് ദിൽഷാദ് (23)-നെ വെട്ടി കൊലപ്പെടുത്തുകയും സെക്രട്ടറി ഷിബു (21)-നെ ഗുരുതരമായ പരിക്കുകളോടെ മെഡിക്കൽകോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയും ചെയ്തിരിക്കുകയാണ്. കൊലപാതകത്തെത്തുടർന്ന് ആ പ്രദേശത്താകെ ജനങ്ങൾ ഉത്കണ്ഠാകുലരായിരിക്കുകയാണ്. അത്യന്തം ഗുരുതരമായ ഈ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly